Maximum : 100 marks

Time : 1 hour and 15 minutes

1. കേരളത്തിൽ പോലിസ് മ്യൂസിയം സ്ഥിതിചെയ്യുന്നത് എവിടെ?
   (A) തിരുവനന്തപുരം (B) കോഴിക്കോട്
   (C) കൊല്ലം (D) മലപ്പുറം

2. ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാനം രൂപീകരിക്കുന്നതിനുവേണ്ടി 1947-ൽ തൃശ്ശൂരിൽ വച്ച് നടന്ന ഐക്യകേരള കൺവെൻഷനിൽ അദ്ധ്യക്ഷം വഹിച്ചതാര്?
   (A) കെ. മാധവൻ (B) ടി.ആർ. കൃഷ്ണസ്വാമി അയ്യർ
   (C) ആർ.വി. വർമ്മ (D) കെ. കേളപ്പൻ

3. വൈക്കം സത്യാഗ്രഹം ആരംഭിച്ച വർഷം :
   (A) 1924 (B) 1921
   (C) 1922 (D) 1925

4. കുമാരനാശാനെ "വിപ്ലവത്തിന്റെ കവി" എന്ന് വിശേഷിപ്പിച്ചതാരാണ്?
   (A) തായാട്ട് ശങ്കരൻ (B) ആറ്റൂർ രവിവർമ്മ
   (C) എം.എൻ. കാരശ്ശേരി (D) വിഷ്ണുനാരായണൻ നമ്പൂതിരി

5. 1928-ൽ ജവഹർലാൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ നാലാം കേരള സംസ്ഥാന കോൺഗ്രസ്സ് സമ്മേളനം നടന്നതെവിടെ?
   (A) കോഴിക്കോട് (B) പയ്യന്നൂർ
   (C) ഒറ്റപ്പാലം (D) മഞ്ചേരി

6. പത്തൊമ്പതാം നൂറ്റാണ്ടിലെ സാമൂഹ്യ അനാചാരങ്ങൾ പ്രമേയമാക്കി 'സരസ്വതിവിജയം' എന്ന നോവൽ എഴുതിയതാര്?
   (A) പോത്തേരി മാധവൻ (B) ആറ്റൂർ കൃഷ്ണപിഷാരടി
   (C) കെ.പി. നാരായണ പിഷാരടി (D) പോത്തേരി കുഞ്ഞമ്പു

7. ഹിരാക്കുഡ് നദീതട പദ്ധതി ഏതു നദിയിലാണ്?
   (A) ഗോദാവരി (B) മഹാനദി
   (C) ദാമോദർ (D) കോസി

8. 1947-ൽ ഇന്ത്യ-പാക് വിഭജനത്തിന്റെ വിശദമായ ഭൂപടം തയ്യാറാക്കിയത് ആരായിരുന്നു?

(A) മൗണ്ട് ബാറ്റൻ പ്രഭു
(B) ഡേ ആർവില്ലി
(C) രാധാനാഥ് സിക്തർ
(D) സിറിൽ റാഡ്ക്ലിഫ്

9. പൂർവ്വ റെയിൽവേയുടെ ആസ്ഥാനം :

(A) ഭുവനേശ്വർ
(B) ഗുവാഹട്ടി
(C) ബിലാസ്പൂർ
(D) കൊൽക്കത്ത

10. ദേശീയ ജലപാത NW-3 കടന്നുപോകുന്ന ഇന്ത്യൻ സംസ്ഥാനം :

(A) കേരളം
(B) ആസ്സാം
(C) ഉത്തർപ്രദേശ്
(D) ആന്ധ്രാപ്രദേശ്

11. ഏറ്റവും കൂടുതൽ പ്രാദേശിക ഭാഷകൾ സംസാരിക്കുന്ന ഇന്ത്യൻ സംസ്ഥാനം :

(A) മദ്ധ്യപ്രദേശ്
(B) ഗുജറാത്ത്
(C) അരുണാചൽ പ്രദേശ്
(D) മഹാരാഷ്ട്ര

12. രാമകൃഷ്ണ മിഷൻ സ്ഥാപിച്ചതാര്?

(A) സ്വാമി വിവേകാനന്ദൻ
(B) സിസ്റ്റർ നിവേദിത
(C) ശ്രീരാമകൃഷ്ണ പരമഹംസൻ
(D) സ്വാമി ദയാനന്ദസരസ്വതി

13. കമ്പോളത്തിലെ ദൈനംദിന കാര്യങ്ങൾ നിയന്ത്രിക്കാൻ അലാവുദ്ദീൻ ഖിൽജി നിയമിച്ച ഉദ്യോഗസ്ഥൻ :

(A) മുഖ്തി
(B) ഷാഹ്ന
(C) വാലി
(D) ഷിക്

14. ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് തൂക്കിലേറ്റപ്പെട്ട ഏറ്റവും പ്രായം കുറഞ്ഞ രക്തസാക്ഷി :

(A) മംഗൾ പാണ്ഡെ
(B) ഭഗത്സിംഗ്
(C) ഖുദിറാം ബോസ്
(D) സൂര്യസെൻ

15. 1857-ലെ വിപ്ലവത്തിന് ശേഷം, ബ്രിട്ടീഷുകാർ ബഹാദൂർഷാ സഫർ രണ്ടാമനെ നാടു കടത്തിയത് ഏതു രാജ്യത്തേക്കാണ്?

(A) നേപ്പാൾ
(B) ശ്രീലങ്ക
(C) മ്യാൻമർ
(D) അഫ്ഗാനിസ്ഥാൻ

16. ശക്തമായ സൈനീക രൂപീകരണത്തിനുവേണ്ടി അക്ബർ കൊണ്ടുവന്ന ഭരണസംവിധാനം എന്തായിരുന്നു?

(A) ജാഗിർദാരി
(B) സെമിന്താരി
(C) ഇഖ്ത
(D) മാൻസബ്ദാരി

17. നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിനുവേണ്ടി സർദാർ വല്ലഭായ് പട്ടേലിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ സെക്രട്ടറി ആരായിരുന്നു?

(A) വി.പി. മേനോൻ
(B) വി.കെ. കൃഷ്ണമേനോൻ
(C) ജയപ്രകാശ് നാരായൺ
(D) മദൻ മോഹൻ മാളവ്യ

18. താഴെ തന്നിരിക്കുന്നവരിൽ സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ ചെയർമാൻ ആരായിരുന്നു?

(A) ജസ്റ്റിസ് ഫസൽ അലി
(B) സി. രാജഗോപാലാചാരി
(C) ഡോ. എസ്. രാധാകൃഷ്ണൻ
(D) മൗലാന അബ്ദുൽ കലാം ആസാദ്

19. ഗാന്ധിജി ടോൾസ്റ്റോയ് ഫാം സ്ഥാപിച്ചതെവിടെ?

(A) കേപ്ടൗൺ
(B) ജോഹന്നാസ് ബെർഗ്
(C) പ്രിട്ടോറിയ
(D) കിംബെർലി

20. 'ഇന്ത്യ എന്റെ രാജ്യമാണ്...' എന്ന് തുടങ്ങുന്ന ദേശീയപ്രതിജ്ഞ എഴുതിയതാര്?

(A) സുബ്രഹ്മണ്യഭാരതി
(B) പി. വെങ്കിടചെല്ലയ്യ
(C) പൈദിമാരി വെങ്കിട്ട സുബ്ബറാവു
(D) കെ.പി. റാവു

21. 'തമസോ മാ ജ്യോതിർഗമയാ' എന്നത് ഏതു ഉപനിഷത്തിലെ വാക്യമാണ്?

(A) കഠോപനിഷത്ത്
(B) ബൃഹദാരണ്യകോപനിഷത്ത്
(C) ഛാന്ദോഗ്യോപനിഷത്ത്
(D) മുണ്ഡകോപനിഷത്ത്

22. ഗോൾഡ്മാൻ പുരസ്ക്കാരം നല്കുന്നത് ഏതു മേഖലയിൽ ആണ്?

(A) സ്പോർട്സ്
(B) ആതുരസേവനം
(C) വ്യവസായം
(D) പരിസ്ഥിതി

23. ഏതു വിദേശരാജ്യത്തിന്റെ സഹായത്തോടെയാണ് റൂർക്കല ഇരുമ്പുരുക്കുശാല നിർമ്മിച്ചത്?

(A) ഇംഗ്ലണ്ട്
(B) ജർമ്മനി
(C) സോവിയറ്റ് യൂണിയൻ
(D) കാനഡ

24. ഇന്ത്യയിലെ ആദ്യത്തെ എണ്ണ ശുദ്ധീകരണശാല സ്ഥിതിചെയ്യുന്ന സ്ഥലം :

(A) ഡിഗ്ബോയ്
(B) മുംബൈ
(C) അഹമ്മദാബാദ്
(D) ഡിബ്രുഗഡ്

25. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്പ്മെന്റ് സ്ഥിതിചെയ്യുന്നതെവിടെ?

(A) മൈസൂർ
(B) ഭുവനേശ്വർ
(C) ഡൽഹി
(D) ഹൈദരാബാദ്

26. ലോകസഭാ സ്പീക്കർ രാജി സമർപ്പിക്കുന്നതാർക്കാണ്?

(A) രാഷ്ട്രപതി
(B) പ്രധാനമന്ത്രി
(C) ഡെപ്യൂട്ടി സ്പീക്കർ
(D) സുപ്രീംകോടതി ചീഫ് ജസ്റ്റിസ്

27. സംസ്ഥാന വനിതാ കമ്മീഷന്റെ ആദ്യ അദ്ധ്യക്ഷയാര്?

(A) കെ.ആർ. ഗൗരിയമ്മ
(B) സുഗതകുമാരി
(C) എം. കമലം
(D) ജസ്റ്റിസ് ഡി. ശ്രീദേവി

28. താഴെ തന്നിരിക്കുന്നവയിൽ മനുഷ്യാവകാശ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടന :

(A) ഗ്രീൻപീസ്
(B) ചിപ്കോ പ്രസ്ഥാനം
(C) ലോബയാൻ
(D) ആംനസ്റ്റി ഇന്റർനാഷണൽ

29. ഇന്ത്യയിലെ ഏറ്റവും മികച്ച പാർലമെന്റേറിയന് നൽകുന്ന പുരസ്കാരം :

(A) ഭഗ്നഗർ പുരസ്കാരം
(B) മഹൽനോബിസ് പുരസ്കാരം
(C) ജി.ബി. പന്ത് പുരസ്കാരം
(D) പ്രേം ഭാട്ടിയ പുരസ്കാരം

30. പ്രസ്സ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ ആസ്ഥാനം :

(A) ഡൽഹി
(B) പൂനെ
(C) തിരുവനന്തപുരം
(D) പാറ്റ്ന

31. 'എന്റെ ജീവിത സ്മരണകൾ' ആരുടെ ആത്മകഥയാണ്?

(A) സി. അച്യുതമേനോൻ
(B) മന്നത്ത് പത്മനാഭൻ
(C) ബാരിസ്റ്റർ ജി.പി. പിള്ള
(D) ചട്ടമ്പി സ്വാമികൾ

32. 2015-ലെ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചതാർക്ക്?

(A) ഡോ. പുതുശ്ശേരി രാമചന്ദ്രൻ
(B) പെരുമ്പടവം ശ്രീധരൻ
(C) ഡോ. എഴുമറ്റൂർ രാജരാജവർമ്മ
(D) കെ.ആർ. മീര

33. ആഗോള ധനകാര്യ മാദ്ധ്യമ സ്ഥാപനമായ 'ബ്ലൂംബെർഗ് ഇന്റർനാഷണലിന്റെ' ഈയിടെ നിയമിതനായ മാനേജിങ്ങ് ഡയറക്ടർ :

(A) എൻ.പി. മുരളീകൃഷ്ണൻ
(B) വെങ്കിട്ടരാമൻ രാമകൃഷ്ണൻ
(C) മോഹിത്ത് ജെയിൻ
(D) പരമേശ്വരൻ രവീന്ദ്രനാഥൻ

34. കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ സുവർണ്ണചകോരം നേടിയ 'ഒറ്റാൽ' സംവിധാനം ചെയ്തതാര്?

(A) കെ. മോഹനൻ
(B) മനോജ് കാന
(C) ആർ. ജയരാജ്
(D) സനൽകുമാർ ശശിധരൻ

35. ആദ്യമായി ഡൽഹിക്ക് പുറത്ത് സേനാമേധാവികളുടെ സംയുക്ത യോഗം നടന്നതെവിടെ?

(A) INS സിന്ധുശസ്ത്ര
(B) INS വിക്രമാദിത്യ
(C) ചെന്നൈ
(D) കൊൽക്കത്ത

36. ഈയിടെ അധികാരമേറ്റ ഇന്ത്യൻ വംശജനായ പോർച്ചുഗൽ പ്രധാനമന്ത്രി ആര്?

(A) അനിബേൽ കവാകോ സിൽവ
(B) അന്റോണിയോ കോസ്റ്റ
(C) ജോർജ്ജ് ക്രാസ്റ്റ
(D) പ്രശാന്ത് ഓംലെ

37. കേരള ആയുർവേദ ടൂറിസത്തിന്റെ ബ്രാൻഡ് അംബാസിഡർ :

(A) സ്റ്റെഫി ഗ്രാഫ്
(B) മോഹൻലാൽ
(C) സാനിയ മിർസ
(D) മാർട്ടിന ഹിംഗിസ്

38. അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ 'ക്രിക്കറ്റർ ഓഫ് ദി ഇയർ' പുരസ്ക്കാരം 2015-ൽ ലഭിച്ചതാർക്ക്?

(A) മിച്ചെൽ മാർഷ്
(B) ജേസൺ ഹോൾസർ
(C) എ.ബി. ഡീവില്ലിയേഴ്സ്
(D) സ്റ്റീവൻ സ്മിത്ത്

39. ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള പർവ്വതനിര :

(A) ഹിമാലയം
(B) വിന്ധ്യാപർവ്വതം
(C) ആരവല്ലി
(D) പശ്ചിമഘട്ടം

40. 'ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജി'യുടെ ആസ്ഥാനം :

(A) ഹസൻ
(B) ബാംഗ്ലൂർ
(C) ചാന്ദിപ്പൂർ
(D) തിരുവനന്തപുരം

41. ആധുനിക പരിസ്ഥിതി പ്രസ്ഥാനത്തിന്റെ മാതാവ് എന്ന് അറിയപ്പെടുന്ന വ്യക്തി :

(A) റേച്ചൽ കാർസൺ
(B) വങ്കാരി മാതായി
(C) കാൾ ലീനിയസ്
(D) എലീനർ കാറ്റൻ

42. ഏതിനെ കുറിച്ചുള്ള പഠനമാണ് 'ഇക്തിയോളജി'?

(A) പരിസ്ഥിതി
(B) മത്സ്യങ്ങൾ
(C) കടലാമകൾ
(D) വവ്വാലുകൾ

43. 'രാജ്യം നിങ്ങൾക്കുവേണ്ടി എന്ത് ചെയ്യും എന്നല്ല, രാജ്യത്തിനുവേണ്ടി നിങ്ങൾക്ക് എന്ത് ചെയ്യാനാവും എന്നാണ് ചിന്തിക്കേണ്ടത്' - എന്ന് പറഞ്ഞതാര്?

(A) വുഡ്രോ വിൽസൺ
(B) ജോർജ്ജ് വാഷിംഗ്ടൺ
(C) ജോൺ എഫ്. കെന്നഡി
(D) റൂസ്സോ

44. ഇന്ത്യയുടെയും പാക്കിസ്ഥാന്റെയും പരമോന്നത ബഹുമതി നേടിയ ഏക ഇന്ത്യക്കാരൻ :

(A) മൊറാർജി ദേശായി
(B) ജവഹർലാൽ നെഹ്റു
(C) സർദാർ വല്ലഭായ് പട്ടേൽ
(D) ലാൽ ബഹാദൂർ ശാസ്ത്രി

45. 'പെരിയോർ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന സാമൂഹ്യപരിഷ്ക്കർത്താവ് :

(A) കുമാരഗുരു
(B) ചട്ടമ്പിസ്വാമികൾ
(C) ഇ.വി. രാമസ്വാമി നായ്ക്കർ
(D) വൈകുണ്ഠ സ്വാമികൾ

46. ആർട്ടിക് മേഖലയിലെ ഇന്ത്യയുടെ ആദ്യ ഗവേഷണ കേന്ദ്രം :

(A) മൈത്രി
(B) ഭാരതി
(C) ദക്ഷിണ ഗംഗോത്രി
(D) ഹിമാദ്രി

47. SAARC - ന്റെ ആസ്ഥാനം :

(A) ധാക്ക
(B) കാഠ്മണ്ഡു
(C) ഇസ്ലാമാബാദ്
(D) ന്യൂഡൽഹി

48. ഏതു ബ്രിട്ടീഷ് ഗവർണ്ണർ ജനറലിന്റെ കാലത്തായിരുന്നു ഇന്ത്യയിൽ റെയിൽവേ സംവിധാനം ആരംഭിച്ചത്?

(A) റിപ്പൺ പ്രഭു
(B) ഡൽഹൗസി പ്രഭു
(C) കഴ്സൺ പ്രഭു
(D) കോൺവാലിസ് പ്രഭു

49. താഴെ തന്നിരിക്കുന്നവരിൽ നോബൽ സമ്മാനം ലഭിക്കുന്നതിനു മുന്നേ ഭാരതരത്ന നേടിയ വ്യക്തി :

(A) നെൽസൺ മണ്ടേല
(B) സി.വി. രാമൻ
(C) മദർ തെരേസ
(D) അമർത്യാസെൻ

50. തന്നിരിക്കുന്നവയിൽ വിജയനഗര സാമ്രാജ്യത്തിന്റെ തലസ്ഥാനം :

(A) വതാപി
(B) ഗോൽക്കൊണ്ട
(C) ബിജാപ്പൂർ
(D) ഹംപി

51. The idiom 'black and white' means :

(A) photograph
(B) in written form
(C) the colour change
(D) translated form

52. Everyone likes sweets, ——————?
Pick out the right tag.

(A) doesn't they?
(B) does they?
(C) don't they?
(D) do they?

53. The doctor advised him to abstain —————— drinking.

(A) for
(B) to
(C) from
(D) in

54. Good fences make :

(A) good friends
(B) good neighbours
(C) good leaders
(D) good readers

55. —————— the text and answer the questions that follow.

(A) Go with
(B) Go away
(C) Go through
(D) Go down

56. A person who knows many languages :

(A) polyglot
(B) bibliophile
(C) protagonist
(D) linguist

57. —————— of cotton (pick out the suitable collective noun).

(A) Bail
(B) Bale
(C) Bile
(D) Bill

58. The plural form of 'spoonful' :

(A) spoonful
(B) spoonfuls
(C) spoonsful
(D) none of these

59. Mumbai is one of the busiest cities in India. The comparative form is :

(A) Mumbai is busier than any other cities in India
(B) Mumbai is busier than any other city in India
(C) Mumbai is busier than many other cities in India
(D) Mumbai is busier than all other cities in India

60. 'Release the prisoner'. The passive form is :

(A) The prisoner is released
(B) Let the prisoner be released
(C) The prisoner released
(D) Let be the prisoner released

61. "Don't make noise" the teacher asked the students. The reported speech of this sentence is :

(A) the teacher asked the students don't make noise

(B) the teacher asked the students to make noise

(C) the teacher asked the students not to make noise

(D) the teacher asked the students to make not noise

62. Pick out the rightly spelt word :

(A) commitee
(B) comitte
(C) commette
(D) committee

63. The word 'drudgery' means :

(A) hard and dull work
(B) easy work
(C) light work
(D) none of these

64. If you went there, you ———— him.

(A) can see
(B) could see
(C) could have see
(D) see

65. The idiom 'lingua franca' means :

(A) language of France
(B) common language
(C) language
(D) global language

66. I ———— tea.

(A) drinks
(B) drinking
(C) drink
(D) drunk

67. The climate / of Kashmir is / quite different / from Maharashtra.

a b c d

(A) a
(B) b
(C) c
(D) d

68. 'She sells sea shells on the sea shore' is an example of :

(A) tongue twister
(B) palindrome
(C) hyperbole
(D) euphemism

69. Would you please ———— a bit?

(A) moved
(B) moving
(C) moves
(D) move

70. He practice cricket and football regularly is a :

(A) simple sentence
(B) complex sentence
(C) compound sentence
(D) compound complex

71. വില കാണുക $4-\cfrac{5}{1+\cfrac{1}{3+\cfrac{1}{2+\cfrac{1}{4}}}}$ :

(A) $\frac{1}{8}$ (B) $\frac{1}{6}$

(C) $\frac{-1}{8}$ (D) $\frac{-1}{6}$

72. 5 ആളുകളുടെ വയസ്സിന്റെ ശരാശരി 40, മറ്റ് 10 ആളുകളുടെ വയസ്സിന്റെ ശരാശരി 25 ആയാൽ 15 ആളുകളുടെ വയസ്സിന്റെ ശരാശരി എത്ര?

(A) 27 (B) 32

(C) 37 (D) 30

73. $\frac{4.7\times6.5+5.3\times6.5}{1.3\times7.9-1.3\times6.9}=$

(A) 75 (B) 50

(C) 45 (D) 60

74. $\sqrt{6}=2.45$ ആയാൽ $\frac{\sqrt{3}-\sqrt{2}}{\sqrt{3}+\sqrt{2}}$ ന്റെ വില മൂന്ന് ദശാംശ സ്ഥാനത്തിന് ശരിയായി എഴുതുക :

(A) 1.000 (B) 0.990

(C) 0.100 (D) 0.101

75. 15 പേർക്ക് ഒരു ജോലി 9 ദിവസം കൊണ്ട് തീർക്കുവാൻ സാധിക്കും. അത് 5 ദിവസത്തിൽ തീർക്കണമെങ്കിൽ എത്ര പേർ ജോലി ചെയ്യണം?

(A) 27 (B) 17

(C) 20 (D) 25

76. $(3^2)^2\times(3^2)^4\div(27)^4=$

(A) $3^2$ (B) $\frac{1}{3}$

(C) 3 (D) 1

77. $\sqrt{2}$ cm വശമുള്ള സമചതുരക്കട്ടയുടെ ഉപരിതല പരപ്പളവ് എത്ര?

(A) $2\ cm^2$ (B) $4\ cm^2$

(C) $12\ cm^2$ (D) $2\sqrt{2}\ cm^2$

78. 1,500 രൂപ പരസ്യവിലയുള്ള ഒരു വാച്ച് 8% ഡിസ്കൗണ്ടിനു വിറ്റു. അപ്പോൾ കച്ചവടക്കാരന് 20% ലാഭം കിട്ടിയെങ്കിൽ വാങ്ങിയ വില എത്ര?

(A) 1,050 രൂപ
(B) 1,000 രൂപ
(C) 1,030 രൂപ
(D) 1,150 രൂപ

79. വില കാണുക $3^3 \times 2^{-4} \times 4^0$

(A) $1\frac{11}{16}$
(B) $2\frac{1}{4}$
(C) $-2\frac{1}{4}$
(D) $-1\frac{11}{16}$

80. ഒരു ബഹുഭുജത്തിന്റെ വശങ്ങൾ കോണുകൾ, വികർണ്ണങ്ങൾ എന്നിവയുടെ എണ്ണം തുല്യമാണ്. ആ ബഹുഭുജത്തിന് എത്ര വശങ്ങളുണ്ട്?

(A) 4
(B) 6
(C) 5
(D) 7

81. 12.6 cm നീളമുള്ള കമ്പിയെ 5 : 1 എന്ന അംശബന്ധത്തിൽ മുറിച്ചാൽ വലിയ കഷണത്തിന്റെ നീളമെത്ര?

(A) 2.1 cm
(B) 10.5 cm
(C) 4.2 cm
(D) 6.3 cm

82. 280 m നീളമുള്ള ഒരു തീവണ്ടി 60 കി.മീ./മണിക്കൂർ വേഗതയിൽ സഞ്ചരിക്കുന്നു. 220 m നീളമുള്ള ഒരു പ്ലാറ്റ്ഫോം കടന്നുപോകുന്നതിന് എത്ര സമയം വേണം?

(A) 20 സെക്കന്റ്
(B) 25 സെക്കന്റ്
(C) 30 സെക്കന്റ്
(D) 35 സെക്കന്റ്

83. ത്രികോണം ABC യിൽ കോൺ A യുടെ അളവ് കോൺ B യുടെ ഒരു മടങ്ങും കോൺ C യുടെ അളവ് കോൺ B യുടെ രണ്ട് മടങ്ങും ആയാൽ കോൺ A എത്ര?

(A) 40
(B) 45
(C) 60
(D) 80

84. 8% നിരക്കിൽ കൂട്ടുപലിശ കണക്കാക്കുന്ന ഒരു ബാങ്കിൽ ഒരാൾ 5700 രൂപ നിക്ഷേപിക്കുന്നു. 2 വർഷം കഴിയുമ്പോൾ അയാൾക്ക് ബാങ്കിൽ നിന്ന് എന്തു തുക കിട്ടും?

(A) 6648.48 രൂപ
(B) 6948.48 രൂപ
(C) 6912 രൂപ
(D) 6450 രൂപ

85. ഒരു വശത്തിന്റെ നീളം 9 cm ആയ സമചതുരം പാദമുഖവും ഉയരവും 12 cm ഉം ആയ സമചതുര സ്തംഭത്തിൽ നിന്ന് വെട്ടിയെടുക്കാവുന്ന ഏറ്റവും വലിയ ഗോളത്തിന്റെ വ്യാപ്തമെത്ര?

(A) $486\pi$ cm$^3$
(B) $972\pi$ cm$^3$
(C) $329\pi$ cm$^3$
(D) $243\pi$ cm$^3$

86. 6, 13, 28, ——, 122, 249 .

(A) 35
(B) 48
(C) 59
(D) 70

87. ഒരു പ്രത്യേക ഭാഷയിൽ FULFNHW എന്നത് CRICKET എന്ന വാക്കിന്റെ കോഡ് ആണ്. എന്നാൽ EULGH എന്നത് ഏത് വാക്കിന്റെ കോഡ് ആണ്?

(A) PRIDE
(B) BRIDE
(C) BLADE
(D) BLIND

88. രാധ എന്ന കുട്ടിയുടെ റാങ്ക് മുകളിൽ നിന്ന് 21-ാമത്തേതാണ്. താഴെ നിന്ന് 20-ാമതും. എന്നാൽ രാധയുടെ ക്ലാസ്സിൽ ആകെ എത്ര കുട്ടികൾ ഉണ്ട്?

(A) 40
(B) 41
(C) 42
(D) 45

89. A, B ഇവർ ഒരേ സ്ഥലത്ത് നിന്ന് യാത്ര പുറപ്പെടുന്നു. A, 3 km വടക്കോട്ട് നടന്നതിനുശേഷം 4 km വലത്തോട്ട് നടക്കുന്നു. B, പടിഞ്ഞാറെ ദിശയിൽ 5 km നടന്നതിനുശേഷം വലത്തോട്ട് 3 km നടക്കുന്നു. ഇപ്പോൾ A യും B യും തമ്മിലുള്ള അകലം എന്ത്?

(A) 5 km
(B) 9 km
(C) 8 km
(D) 4 km

90. കൂട്ടത്തിൽ പെടാത്തത് തെരഞ്ഞെടുത്തെഴുതുക :

(A) ചതുരം
(B) സാമാന്തരികം
(C) പഞ്ചഭുജം
(D) ത്രികോണം

91. 2024 ജനുവരി 1-ാം തീയ്യതി തിങ്കളാഴ്ചയായാൽ ആ വർഷം മാർച്ച് 10-ാം തീയ്യതി ഏത് ദിവസം ആയിരിക്കും?

(A) ഞായർ
(B) തിങ്കൾ
(C) ബുധൻ
(D) ശനി

92. C യുടെ മകനാണ് A, C യും Q ഉം സഹോദരിമാരാണ്. Q ന്റെ അമ്മയാണ് Z. Z ന്റെ മകനാണ് P എങ്കിൽ P യും A യും തമ്മിലുള്ള ബന്ധം എന്ത്?

(A) സഹോദരൻ
(B) അമ്മാവൻ
(C) മുത്തച്ഛൻ
(D) ഇത് ഒന്നുമല്ല

93. ഒരു സംഖ്യയിൽ നിന്ന് $\frac{3}{8}$ കുറച്ചു. ഇങ്ങനെ കിട്ടിയ സംഖ്യയിൽ നിന്ന് $\frac{1}{8}$ കുറച്ചപ്പോൾ $\frac{5}{12}$ കിട്ടി. എന്നാൽ ആദ്യത്തെ സംഖ്യയെത്ര?

(A) $\frac{11}{24}$
(B) $\frac{13}{24}$
(C) $\frac{11}{12}$
(D) $\frac{3}{8}$

94. 123 : 4 :: 726 :

(A) 23
(B) 26
(C) 14
(D) 12

95. ഉച്ചയ്ക്ക് 12.15 ന് ഒരു ക്ലോക്കിന്റെ മണിക്കൂർ സൂചിയും മിനിറ്റ് സൂചിയും നിർണ്ണയിക്കുന്ന കോണിന്റെ അളവ് എത്ര?

(A) 15°
(B) 90°
(C) $82\frac{1}{2}$°
(D) $83\frac{1}{2}$°

96. A, B, C, D, E, F എന്നിവർ വൃത്താകൃതിയിൽ മുഖാമുഖം ഇരിക്കുന്നു. C യുടെ ഇടതുവശത്താണ് F, F ന്റെ ഇടതുഭാഗത്ത് മൂന്നാമതാണ് E യുടെ സ്ഥാനം. A യുടെയും E യുടേയും ഇടയിലാണ് B. എങ്കിൽ B യുടെ വലതുവശത്ത് ആരാണ്?

(A) E
(B) A
(C) D
(D) C

97. കൊല്ലത്തുനിന്ന് 9.32 a.m. ന് യാത്ര തിരിച്ച ഒരു ബസ്സ് തൃശ്ശൂരിൽ 5.23 p.m. ന് എത്തിയാൽ ബസ്സ് യാത്രയ്ക്കെടുത്ത ആകെ സമയം എത്ര?

(A) 7 മണിക്കൂർ
(B) 7 മണിക്കൂർ 51 മിനിറ്റ്
(C) 6 മണിക്കൂർ
(D) 6 മണിക്കൂർ 51 മിനിറ്റ്

98. KNOWLEDGE എന്ന വാക്കിന്റെ നമ്പർ കോഡ് 11141523125475 എന്നായാൽ KNEW എന്ന വാക്കിന്റെ നമ്പർ കോഡ് എന്ത്?

(A) 1114522
(B) 1114523
(C) 1115523
(D) 1114532

99. + എന്നാൽ ÷, ÷ എന്നാൽ −, − എന്നാൽ ×, × എന്നാൽ + ആയാൽ $48+16\div4-2\times8$ ന്റെ വിലയെന്ത്?

(A) 3
(B) 6
(C) −3
(D) 36

100. P യും Q വും ഒരേ സമയത്ത് 10-ാമത്തെ കിലോമീറ്റർ കുറ്റിയിൽ നിന്ന് പുറപ്പെട്ട് വിപരീത ദിശകളിലേക്ക് ഓടുന്നു. A, 20-ാമത്തെ കിലോമീറ്റർ കുറ്റിയിലും B, 1-ാമത്തെ കിലോമീറ്റർ കുറ്റിയിലും ഒരേ സമയത്ത് 1 മണിക്കൂർ കൊണ്ട് ഓടിയെത്തുന്നു. അവരുടെ വേഗതകൾ തമ്മിലുള്ള വ്യത്യാസമെന്ത്?

(A) 2 കി.മീ./മണിക്കൂർ
(B) 1 കി.മീ./മണിക്കൂർ
(C) 3 കി.മീ./മണിക്കൂർ
(D) $1\frac{1}{2}$ കി.മീ./മണിക്കൂർ